(ബി) ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

(എ&ബി)വയനാട് ജില്ലയിൽ ഒരു വൈദ്യുതി ഭവനം സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലം അന്വേഷിച്ചുവരുന്നു.

ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ

172(442) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഇ-വെഹിക്കിൾ നയപ്രകാരം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മതിയായ തോതിൽ കേരളത്തിലുടനീളം ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കേരള സർക്കാരിന്റെ ഇ-മൊബിലിറ്റി പോളിസി പ്രകാരം കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി 250-ൽപ്പരം വരുന്ന സ്റ്റേഷനുകൾ ഉൾക്കൊള്ളുന്ന ഒരു ചാർജ്ജിംഗ് ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഇത്തരം സ്റ്റേഷനുകൾ സ്ഥാപിച്ച് 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. ആദ്യ നാല് മാസങ്ങളിൽ വൈദ്യുതി വാഹന ഉടമകൾക്ക് സൗജന്യമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ ഉപയോഗിക്കുന്നതിനായി നൽകിയിരിക്കുകയാണ്. ഇത്തരത്തിൽ മികച്ച ഒരു ഇലക്ട്രിക് വാഹന ഉപയോഗ സംസ്കാരം രൂപീകരിക്കുന്നതിൽ വൈദ്യുതി ബോർഡ് ഗണ്യമായ പങ്കുവഹിക്കുകയാണ്. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു

1. നേമം, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവനന്തപുരം
2. ഒലൈ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലം
3. പാലാരിവട്ടം, വൈദ്യുതി ഭവനം, എറണാകുളം
4. വിയ്യൂർ, സബ് സ്റ്റേഷൻ, തൃശ്ശൂർ
5. നല്ലളം, സബ് സ്റ്റേഷൻ, കോഴിക്കോട്
6. ചൊവ്വ, സബ് സ്റ്റേഷൻ, കണ്ണൂർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. ഇതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം ഇന്ത്യ ഫേസ് II പദ്ധതി പ്രകാരമുള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഇത്തരത്തിൽ 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി വഴി 20 ചാർജ്ജിംഗ് സ്റ്റേഷനുകൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖാന്തരം സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

കേരളത്തിലെ എല്ലാ ജില്ലകളിലും ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ദേശീയ പാതകൾ, സ്റ്റേറ്റ് ഹൈവേകൾ, എം.സി റോഡ്, മറ്റുപ്രധാന റോഡുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് 5 സെന്റ് സ്ഥലം 10 വർഷത്തെ ലീസിന് നൽകുവാൻ സാധിക്കുന്ന സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങൾ കണ്ടെത്തി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു. കേന്ദ്ര ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള EESL (Energy Efficiency Service Limited) എന്ന സ്ഥാപനവുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ തറവാടക നൽകുന്നതാണ്. DTPC സെന്ററുകൾ, KTDC ഹോട്ടലുകൾ, മറ്റുപൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങൾ ആ പദ്ധതിക്ക് വളരെയധികം അനുയോജ്യമാണ്. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പ്രധാന തടസ്സമായി നിൽക്കുന്നത് ഇത് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലലഭ്യതയാണ്. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ 5 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം, ഇടുക്കി, തൃശ്ശൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിവരുന്നു. പത്തനംതിട്ട, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ചാർജ്ജിംഗ് മെഷിനുകൾ എത്തിച്ചേർന്നിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭിച്ചാലുടൻ പണി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. NH, MC Road, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ ഓരോ 50 കിലോമീറ്ററിലും ഓരോ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുവേണ്ട പദ്ധതിക്കായി സ്വകാര്യ സംരംഭങ്ങളിൽനിന്നും സോളാർ പവേർഡ് പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) കണ്ണൂർ ജില്ലയിൽ എവിടെയൊക്കെയാണ് ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കണ്ണൂർ ജില്ലയിലെ ചാർജ്ജിംഗ് സ്റ്റേഷനുകൾ - നിർമ്മാണം പൂർത്തിയായവ - 110 കെ.വി സബ്സ്റ്റേഷൻ, ചൊവ്വ

നിർമ്മാണം പുരോഗമിക്കുന്നവ- 1. കണ്ണൂർ എയർപോർട്ട്

2. 33 കെ.വി സബ്സ്റ്റേഷൻ, കണ്ണൂർ.

ടെണ്ടർ നടപടി പുരോഗമിക്കുന്നവ - വളപ്പട്ടണം സെക്ഷൻ ഓഫീസ്

അക്ഷയോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കൽ

173(443) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയോർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കാനും അവ സ്ഥാപിക്കാനും അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുവാൻ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയോർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കാനും അവ സ്ഥാപിക്കാനും അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിലും ഓരോ അക്ഷയോർജ്ജ സേവന കേന്ദ്രം (ഊർജ്ജമിത്ര) അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും പരിശീലനം ലഭിച്ച അംഗീകൃത സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ജനങ്ങൾക്ക് ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും ഊർജ്ജമിത്ര കേന്ദ്രങ്ങൾ മുഖേന കഴിയുന്നതാണ്. ഗുണനിലവാരമുള്ള വിവിധ ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെ വിതരണവും ഈ സേവന കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്നതാണ്. സംരംഭകരുടെ മുതൽമുടക്കിലാണ് സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്. മൂന്നുവർഷം വിജയകരമായി സംരംഭം നടത്തുന്നവർക്ക് അനെർട്ട് താഴെപ്പറയുന്ന രീതിയിൽ ധനസഹായം ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly